നേതാവ് പറഞ്ഞത് ഗവൺമെന്റിന്റെ നയമാണ്. അതാണ് .ഞാൻ നേരത്തെ ഇവിടെ വിശദീകരിച്ചത്. ക്ഷീര കർഷകരെ സംരക്ഷിക്കണം, സഹായിക്കണം, ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്യണമെന്നാണ് സർക്കാരിന്റെ നയം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങ് പാലിന്റെ ഉല്പാദനത്തെക്കുറിച്ചാണോ പറഞ്ഞത് അതോ ഇവിടെ മിൽമ വിൽക്കുന്ന പാലിന്റെ കണക്കാണോ പറഞ്ഞത് ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ നമ്മുടെ സംസ്ഥാനത്ത് 5 വർഷം കൊണ്ട് ഉണ്ടായ വർദ്ധനവിന്റെ കൃത്യമായ കണക്കാണ് ഇത്. അതിൽ പാൽ മാത്രമേ ഞാൻ പറഞ്ഞുള്ളൂ. പാലിന്റെ മാത്രമല്ലേ ഇവിടെ ചോദ്യമുള്ളൂ.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇവിടെ മന്ത്രിക്ക് നിവേദനം കൊടുക്കാനായി വന്ന കർഷകരും സംഘക്കാരും എന്നേയും വന്നുകണ്ടു. പാലിന്റെ ഉല്പാദനം കുറഞ്ഞിരിക്കുന്നുവെന്നാണ് അവർ പറഞ്ഞത്. അയൽ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്ന പാലും പാൽപ്പൊടിയുമാണ് ഇവിടെയുള്ളവർ ഉപയോഗിക്കുന്നത്. അതൊന്ന് പരിശോധിച്ചാൽ കൊള്ളാം.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, പാലിന്റെ ഉല്പാദനം വർദ്ധിച്ചുവെന്നുള്ള കണക്ക്, സൊസൈറ്റിയിൽ അടക്കമുള്ള കണക്കുകളാണ് ഞാൻ ഇവിടെ പറഞ്ഞത്.

2. വനംവകുപ്പിലെ ദിവസവേതനക്കാരായ തൊഴിലാളികൾ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾ

ശ്രീ. ബാബു പോൾ : സർ, സംസ്ഥാനത്ത് വന സംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ദിവസവേതനക്കാരായ തൊഴിലാളികൾ വർഷങ്ങളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കേണ്ട ആവശ്യകതയിലേക്കാണ് ഞാൻ സഭയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധ ക്ഷണിക്കുന്നത്. വനം വകുപ്പിനുകീഴിൽ 5 മുതൽ 35 വരെ വർഷങ്ങളായി ദിവസ വേതനത്തിന് തൊഴിലെടുക്കുന്ന 1500-ൽപ്പരം തൊഴിലാളികളാണ് നിലവിലുള്ളത്. ഇവർ വാച്ചർ, ഗാർഡനർ, മസ്ദൂർ, പ്യൂൺ, ഡ്രൈവർ തുടങ്ങിയ വിവിധ തസ്തികകളിൽപ്പെടുന്നവരാണ്. കേരളത്തിലെ കാടുകളുടേയും വനസമ്പത്തിന്റേയും വന്യജീവികളുടേയും യഥാർത്ഥ സംരക്ഷകർ ഇവരാണ്. വനത്തെക്കുറിച്ചും അതിന്റെ അതിർത്തികളെക്കുറിച്ചും വനത്തിൽ ഓരോ പ്രദേശത്തും എന്തെല്ലാം ഉണ്ട് എന്നത് സംബന്ധിച്ചും വന ഉദ്യോഗസ്ഥന്മാരേക്കാൾ ഏറെ മനസ്സിലാക്കിയിട്ടുള്ളവരും അറിവുള്ളവരും ഇവരാണ്. ഇവർ ഇല്ലെങ്കിൽ വനമുണ്ടാകില്ല, വനം സംരക്ഷിക്കപ്പെടില്ല. വന സംരക്ഷണത്തിൽ അത്ര വലിയ പ്രാധാന്യമുള്ള ഈ വിഭാഗം തൊഴിലാളികളെ സംരക്ഷിക്കേണ്ടത് ഗവൺമെന്റിന്റെ വലിയ കടമയാണ്. പ്രത്യേകിച്ചും വന സംരക്ഷണം മുഖ്യ ലക്ഷ്യമായി കാണുകയും അതിനാവശ്യമായ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന ഈ ഗവൺമെന്റിനും വനമന്ത്രിക്കും അതിന് ബാദ്ധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ യഥാർത്ഥ വന സംരക്ഷകരായ ഈ വിഭാഗത്തോട് കണ്ണിൽ ചോരയില്ലാത്ത വിധത്തിലുള്ള ദ്രോഹമാണ് വനം വകുപ്പ് ഇന്ന് സ്വീകരിച്ചുവരുന്നത്. അടിമ വ്യവസ്ഥ ലോകത്ത് അവസാനിപ്പിച്ചതാണ്. എന്നാൽ അടിമ വ്യവസ്ഥ ഇപ്പോഴും നിലനിൽക്കുന്നുവെന്ന് അനുസ്മരിപ്പിക്കുംവിധമുള്ള പെരുമാറ്റമാണ് വനംവകുപ്പിൽ നിന്നും ഇവർക്ക് ദിവസം പ്രതി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മാസം മുഴുവൻ ജോലി ചെയ്യുന്ന ഇവർക്ക് വേതനംപോലും യഥാസമയത്ത് ലഭിക്കാറില്ല. പലപ്പോഴും പകുതിയും അതിന് താഴെയുമായി വെട്ടിച്ചുരുക്കുകയും ആറും ഏഴും മാസം കൂടിശ്ശിക വരുത്തുകയും ചെയ്യുന്നത് വനംവകുപ്പ് ഉദ്യോഗസ്ഥന്മാരുടെ ഒരു വിനോദമാണ്. അലോട്ട്മെന്റ് ഇല്ലെന്നാണ് ഉദ്യോഗസ്ഥർ നിരന്തരം പറയുന്നന്യായം. പട്ടിണിയും ദാരിദ്ര്യവും കൊണ്ട് പൊറുതിമുട്ടിക്കഴിയുന്ന ഇവർക്ക് ജോലി ചെയ്യുന്നതിനുള്ള പ്രതിഫലമെങ്കിലും വെട്ടിക്കുറയ്ക്കാതെയും കൂടിശ്ശിക വരുത്താതെയും നൽകേണ്ട ബാധ്യത സർക്കാരിന് ഇല്ലേ ; ഇവരും മനുഷ്യരല്ലേ ; ഇവർക്കും കുടുംബമില്ലേ; ഇവർക്കും ജീവിക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാകണ്ടേ? കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന ഡി. എ. പോലും ഇവർക്ക് കൃത്യമായി നൽകുന്നില്ല. തൊഴിലാളികളുടെ നിരന്തരമായ ആവശ്യത്തെത്തുടർന്ന് ഫെസ്റ്റിവൽ അലവൻസ് രണ്ട് വർഷം മുമ്പ് പ്രഖ്യാപിച്ചു. അതുപോലും എല്ലാ ജില്ലകളിലും കൊടുക്കാത്തവിധത്തിലുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ ഫെസ്റ്റിവൽ അലവൻസുപോലും കാസർകോഡ്, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലെ ചില റേഞ്ചുകളിൽ ഉൾപ്പെടെ നൽകിയിട്ടില്ല. യഥാസമയം വേതനം ലഭിക്കാതെ വരുമ്പോൾ അതൊന്ന് ചോദിച്ചുപോയാൽ പിരിച്ചുവിടുമെന്ന ഭീഷണിയാണ് പലപ്പോഴും മേലധികാരികളിൽ നിന്നുമുണ്ടാകുന്നത്. ഇങ്ങനെ പലരേയും പിരിച്ചുവിട്ട അനുഭവവും നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. പ്രതികൂല കാലാവസ്ഥയിൽ വന്യമൃഗങ്ങളുടേയും വിഷജന്തുക്കളുടേയും കാട്ടുകൊള്ളക്കാരുടേയും കഞ്ചാവ് മാഫിയകളുടേയും ആക്രമണ ഭീഷണി നേരിട്ടുകൊണ്ട് ജീവൻ പണയം വച്ചാണ് വനാന്തരങ്ങളിലേക്ക് പോകുന്ന തൊഴിലാളികൾ ജോലി ചെയ്തുവരുന്നത്. വനാന്തരങ്ങളിൽ പോയാൽത്തന്നെ ദിവസങ്ങൾക്കുശേഷമാണ് അവർ തിരിച്ചെത്തുന്നത്. ഇതിനിടയിൽ ഇവർക്കെന്തെങ്കിലും സംഭവിച്ചാൽ പോലും ഉദ്യോഗസ്ഥരോ പുറം ലോകമോ അറിയുന്നില്ല. കാട്ടാനകളുടേയും കാട്ടുപോത്തിന്റേയും ആക്രമണവും ഉഗ്ര വിഷമുള്ള സർപ്പങ്ങളുടെ ദംശനവുമേറ്റ് നിരവധി തൊഴിലാളികൾ മരണപ്പെടുന്നത് നിത്യസംഭവമാണ്. ചിലർ മരിച്ചതിന് തുല്യമായി നരകയാതന അനുഭവിച്ച് ജീവിക്കേണ്ടിവരുന്നുണ്ട്. ശയ്യാവലംബരായ ഇവർക്ക് ചികിത്സയോ മരിച്ചവരുടെ കുടുംബത്തിന് ഏതെങ്കിലും വിധത്തിൽ സമാശ്വാസ നടപടികളോ ലഭിക്കാറില്ല. മറ്റെല്ലാ മേഖലകളിലും ഇൻഷ്വറൻസിന്റെ പരിരക്ഷ ലഭിക്കുന്നുണ്ടെങ്കിലും ഇവർക്കുവേണ്ടി യാതൊരുവിധ പദ്ധതിയും ഇപ്പോൾ നിലവിലില്ല. ഒരു ഇൻഷ്വറൻസ് പദ്ധതി ഇവർക്കുവേണ്ടി നടപ്പിലാക്കേണ്ടത് വളരെ അത്യാവശ്യമാണ്. വനം കൊള്ളക്കാരുടേയും കഞ്ചാവ് കൃഷിക്കാരുടേയും ഇടയിൽ ജോലി ചെയ്യുന്ന ഇവരെ തിരിച്ചറിയുന്നതിന് യൂണിഫോമും തിരിച്ചറിയൽ കാർഡും അനിവാര്യമാണ്. മറ്റുള്ളവരിൽ നിന്നും വേറിട്ട് ഇവർ വന സംരക്ഷണ ചുമതല വഹിക്കുന്നവരാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കുവാൻ ഇത് അത്യാവശ്യമാണ്. വനാന്തരങ്ങളിൽ താമസിക്കുന്ന ഇവർക്ക് ബൂട്ട്സും ടോർച്ചും ഒഴിച്ചുകൂടാനാകാത്തതാണ്. എന്നാൽ ഇതുപോലും ഇപ്പോൾ നൽകുന്നില്ല. സ്ഥിരം ജീവനക്കാർക്ക് അറിഞ്ഞുകൂടാത്തതും എത്തിപ്പെടാൻ കഴിയാത്തതുമായ ഉൾവനങ്ങളിലേക്ക് വഴികാട്ടിയായി മുമ്പേ നടക്കുന്ന ഇവരിൽ മഹാഭൂരിപക്ഷവും 15-ൽ ഏറെ വർഷങ്ങളായി ജോലി ചെയ്യുന്നവരാണെങ്കിലും ഇപ്പോഴും ദിവസവേതനക്കാരായി താൽക്കാലിക തൊഴിലാളികളായിട്ടാണ് ജോലിയെടുത്തുവരുന്നത്. ഇത് ഒട്ടും ന്യായീകരിക്കാൻ സാധിക്കുന്നതല്ല. പല മേഖലകളിലും താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ വളരെ സുപ്രധാനമായ വനമേഖലയിൽ ജോലി ചെയ്യുന്ന ഇവരെ സ്ഥിരപ്പെടുത്തുന്നതിനെക്കുറിച്ച് യാതൊരു തീരുമാനവും കൈക്കൊള്ളാത്തതിൽ പ്രതിഷേധമുണ്ട്. .....(തടസ്സം).....

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ബാബുപോൾ ഉന്നയിച്ച കാര്യത്തെപ്പറ്റി ഗവൺമെന്റിന് നല്ല ബോദ്ധ്യമുണ്ട്. വനം വകുപ്പിലെ ദിവസവേതനക്കാർ ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ ഒന്നാന്തരമായി സഹായിക്കുന്നവരാണ്. കേരളത്തിലെ വനം ഇന്ന് പൊതുവേ സുരക്ഷിതമാണ്. ആ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് കൈക്കൊണ്ട എല്ലാ തുടർനടപടികളിലും വനം വകുപ്പിലെ ദിവസവേതനക്കാർ സ്തുത്യർഹമായ പങ്ക് വഹിച്ചിട്ടുണ്ട്. ആ പങ്കിനെ ഗവൺമെന്റ് മാനിക്കുന്നുണ്ട്. ഈ രംഗത്ത് ദിവസവേതനക്കാരായ ആൾക്കാരെ അൺ-സ്കിൽഡ്, സെമി-സ്കിൽഡ്, സ്കിൽഡ്, ഹൈലി-സ്കിൽഡ് എന്നിങ്ങനെയാണ് തരംതിരിച്ചിട്ടുള്ളത്. അതുപോലെ വനമേഖലയിലെ പ്രദേശങ്ങളെ ഓർഡിനറി, ഡിഫിക്കൾട്ട്, വെരി ഡിഫിക്കൾട്ട് എന്നിങ്ങനെയാണ് വേർതിരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ബാബുപോളിന് അറിയാം, 2010 നവംബറിലെ ഒരു ഉത്തരവ് പ്രകാരം ഈ രംഗത്ത് 30 ശതമാനം വരെ വേതന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ ദിവസവേതനക്കാരുടെ പ്രയാസങ്ങളെപ്പറ്റിയുള്ള ഗവൺമെന്റിന്റെ തിരിച്ചറിവാണ് ആ വർദ്ധനവിന് പ്രേരണ എന്ന കാര്യം ഞാൻ ഈ സഭയെ അറിയിക്കുന്നു. ഈ പുതിയ പദ്ധതി പ്രകാരം അൺ സ്കിൽഡിന് 200 രൂപ മുതൽ 216 രൂപ വരെയും സെമിസ്കിൽഡിന് 205 രൂപ മുതൽ 228 രൂപ വരെയും സ്കിൽഡിന് 225 രൂപ മുതൽ 247 രൂപ വരെയും ഹൈലിസ്കിൽഡിന് 235 രൂപ മുതൽ 265 വരെയും ദിവസവേതനമായി ലഭിക്കുന്നു. മുൻപ് കിട്ടിയിരുന്നതിനേക്കാളും തൃപ്തികരമായ വർദ്ധനവ് കിട്ടിയെന്നാണ് യൂണിയനുകളും തൊഴിലാളികളും പറയുന്നത്. ഈ വർദ്ധനവെല്ലാം ഉണ്ടാക്കുമ്പോഴും അവരുടെ കുറെ പ്രശ്നങ്ങൾ ഇപ്പോഴും ബാക്കിയാണെന്ന കാര്യം ശരിയാണ്. ശ്രീ. ബാബുപോൾ പറയുകയുണ്ടായി വനം വകുപ്പിൽ അടിമവ്യവസ്ഥയുണ്ടെന്ന്; ഞാൻ കർശനമായി പറയുന്നു അടിമവ്യവസ്ഥ വനം വകുപ്പിലുണ്ടാകാൻ ഗവൺമെന്റ് അനുവദിച്ചിട്ടില്ല, അനുവദിക്കാൻ പോകുന്നുമില്ല. അങ്ങനെ എവിടെയെങ്കിലും ഏതെങ്കിലും ഉദ്യോഗസ്ഥൻ ദിവസവേതനക്കാരെ അടിമകളെപ്പോലെ കാണുന്നുവെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യൂണിയനുകൾ ശക്തമായി നേരിടണം. ഒരു കാരണവശാലും അടിമ-ഉടമ സമ്പ്രദായത്തിന്റെ ഒരു ലാഞ്ഛനപോലും ഈ സർക്കാരിന്റെ കീഴിൽ അനുവദിക്കാൻ പാടില്ലായെന്നാണ് ഗവൺമെന്റിന്റെ കർശനമായ നിലപാട്. പുതുക്കിയ വേതനം കൊടുക്കാൻ തീരുമാനിച്ചത് മിക്കവാറും ഇടങ്ങളിൽ നടപ്പാക്കാൻ പറ്റി. ബാക്കിയുള്ള സ്ഥലങ്ങളിൽ അത് ചോദിച്ചുവാങ്ങിക്കാൻ തൊഴിലാളിക്കും അവരുടെ സംഘടനയ്ക്കും അവകാശമുണ്ടെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഒരു കാര്യംകൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു, ജോലിചെയ്ത ദിവസത്തെ കൂലി കിട്ടണം. ഏതെങ്കിലും അന്യായമായ കാര്യം പറഞ്ഞുകൊണ്ട് വേലയെടുത്തവരുടെ കൂലി മുടക്കാൻ ആരെങ്കിലും ശ്രമിച്ചാൽ ആ ശ്രമത്തെ ചോദ്യം ചെയ്യുന്ന കാര്യത്തിൽ രണ്ട് പക്ഷമില്ല. ഗവൺമെന്റ് അവരെ തീർച്ചയായും പിന്തുണയ്ക്കും. ഇവിടെ ഉന്നയിച്ച യൂണിഫോം, ഇൻഷ്വറൻസ്, ഐഡന്റിറ്റി കാർഡ് എന്നിവ ലഭ്യമാക്കുന്ന കാര്യം ഗവൺമെന്റ് അനുഭാവ പൂർവ്വമാണ് കാണുന്നത്. ഇവിടെ ഒരു വിഷയമുള്ളത്, ഇന്ന് വരുന്ന തൊഴിലാളി നാളെ ജോലിക്ക് വരണമെന്നില്ല. അതൊരു പ്രായോഗിക പ്രശ്നമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഇപ്പോൾ കാണുന്നത് സ്ഥിരമായി ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡും ഇൻഷ്വറൻസും കൊടുക്കണം എന്നാണ്. അതിനുള്ള ചർച്ചകൾ നടക്കുന്നുണ്ട്. ഇൻഷ്വറൻസ് കമ്പനീസ് വന്നിട്ടുണ്ട്, സംഭാഷണം പുരോഗമിക്കുന്നുണ്ട്. അതുപോലെതന്നെ അവരുടെ യൂണിഫോമിന്റെ കാര്യവും ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. ബാബു പോൾ : സർ, ഈ ഗവൺമെന്റ് ഭരണമേറ്റെടുത്ത ശേഷം ദിവസവേതനക്കാരായ ഒട്ടേറെ തൊഴിലാളികളെ പല വകുപ്പുകളിലും സ്ഥിരപ്പെടുത്തുന്ന നടപടികൾ ഉണ്ടായിട്ടുണ്ട്. എന്നാൽ വനം മേഖലയിൽ മാത്രം ഇതിന് ആവശ്യമായ ഒരു അനുകൂല നിലപാട് സ്വീകരിക്കപ്പെട്ടിട്ടില്ല. ഇവരുടെ മസ്റ്റർ റോൾ പരിശോധിച്ചാൽ പലപ്പോഴും ഉദ്യോഗസ്ഥർ അതിൽ എഴുതാറില്ല എന്നത് ഒരു വസ്തുതയാണ്. എന്നാലും ഉള്ള മസ്റ്റർ റോൾ പരിശോധിച്ച് ദീർഘകാലമായി ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. ബിനോയ് വിശ്വം : സർ, സ്ഥിരപ്പെടുത്തണമെന്ന ആവശ്യം മാനുഷികമായി ശരിയാണെങ്കിൽ പോലും ഇതിനെപ്പറ്റി നടത്തിയ എല്ലാ ചർച്ചകളിലും സംഭാഷണങ്ങളിലും ഉന്നയിക്കപ്പെട്ട ഒരു കാര്യം സുപ്രീം കോടതിയുടെ 2006-ലെ വിധിപ്രകാരം ഒരുപാട് പ്രായോഗിക തടസ്സങ്ങളുണ്ട് എന്നാണ്. അതെല്ലാം ഉണ്ടെങ്കിൽപോലും ഇപ്പോൾ 15 കൊല്ലത്തെ സേവനം പൂർത്തിയാക്കിയ വർക്കേഴ്സിന്റെ ഒരു ലിസ്റ്റ് എടുത്തിട്ടുണ്ട്. അവരെ സഹായിക്കാൻ വേണ്ടി എങ്ങനെയെല്ലാം സാധിക്കുമെന്ന് അന്വേഷിക്കുന്നുണ്ട്, പി.എസ്.സി. നിലപാടും നിർണ്ണായകമാണ്.